17/3/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1093 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 4506/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എൽദോസ് ജോർജ്ജ്,
കൊച്ചുപുരയ്ക്കൽ വീട്, വെള്ളത്തൂവൽ പി.ഒ,
വെള്ളത്തൂവൽ, ഇടുക്കി – 685 563. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.12.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 23.12.2017 |
| ഒന്നാം അപ്പീൽ | 03.01.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 03.02.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 27.04.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

25.10.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫെറസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. അപ്പീൽ ഹർജിക്കാരൻ ക്രിസ്ത്യൻ മലയരയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടതിന് എസ്.പി.ഐ.ഒ 23.12.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 03.01.2018 തീയതിയായി അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 03.02.2018 ന് തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും മറ്റ് അപാകതകൾ ഒന്നുംതന്നെ ഇല്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാമത്തെ ചോദ്യത്തിന് വ്യക്തമായ വിവരം ലഭ്യമായിട്ടില്ലെന്നും മറ്റ് ചോദ്യങ്ങൾക്ക് ലഭ്യമായ മറുപടിയിൽ തൃപ്തനാണെന്നും ഹർജിക്കാരൻ മൊഴി നൽകുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരൻ 07.12.2017 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യമായ ക്രിസ്ത്യൻ മലയരയ വിഭാഗക്കാർക്ക് ജാതിസട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട 04.08.1984 ലെ GO(MS) 57/84/HWD നമ്പർ ഉത്തരവിന്റെ പകർപ്പ് ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM